പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം. സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 51

10.06.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ സംഘങ്ങളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. സി.കെ.സദാശിവൻ
,, കെ.ദാസൻ
,, ബാബു.എം.പാലിശ്ശേരി
,, സാജു പോൾ

(എ) സഹകരണ മേഖലയിലെ കൺസ്യൂമർ സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പൊതുമാർക്കറ്റിൽ ഇടപെട്ട് വിലവർദ്ധന തടയുന്നതിന് സഹായകമാവേണ്ട ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് അതിന് സാധ്യമാകുന്നുണ്ടോ;

(സി) നീതി, നന്മ തുടങ്ങി സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കമ്പോളത്തിലിടപെടുന്നതിന് ഈ പദ്ധതികൾ വഴി നൽകിവരുന്ന സബ്സിഡികളെത്രയാണ്; ഈ ഇനത്തിൽ സർക്കാർ നൽകാനുള്ള കുടിശ്ശികയെത്ര;

**ഉത്തരം**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ
വ്യവസായവും വകുപ്പ് മന്ത്രി)

(എ) സഹകരണ മേഖലയിലെ കൺസ്യൂമർ സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതു സംബന്ധിച്ച് കാലാകാലങ്ങളിൽ വകുപ്പുതലത്തിൽ പരിശോധിക്കുകയും സ്ഥിതി അവലോകനം ചെയ്ത് കാലോചിതമായ പരിഷ്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സാധ്യമാകുന്നുണ്ട്.

(സി) നീതി നന്മ സ്റ്റോറുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്. പൊതുവിപണിയിൽ വില വർദ്ധനവിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡിന് പൊതുവിപണിയിൽ ഇടപെട്ട് പൊതുവിപണി വില ഉയരാതിരിക്കുന്നതിനും, പൊതുവിപണിയേക്കാൾ 20% വരെ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് അവശ്യ

സാധനങ്ങൾ ലഭ്യമാക്കാനും കഴിയുന്നുണ്ട്. കൺസ്യൂമർ ഫെഡിന്റെ നന്മ പദ്ധതിയിലൂടെ സംസ്ഥാനത്തൊട്ടാകെയുള്ള നന്മ സ്റ്റോറുകളിലൂടെ ഗുണമേന്മയുള്ള സാധനങ്ങൾ ജനങ്ങൾക്ക് സബ്സിഡിയോടെ ലഭ്യമാക്കുന്നുണ്ട്. 1999 ഓണം മുതൽ 2013 ഓണം/റംസാൻ വരെ സബ്സിഡി ഇനത്തിൽ കൺസ്യൂമർ ഫെഡറേഷന് നൽകാനുള്ള കുടിശ്ശിക തുക 370.62 കോടി രൂപയാണ്.

(ഡി) പൊതുമാർക്കറ്റിൽ വിലക്കയറ്റം തടയാൻ കഴിയുംവിധത്തിൽ ഇത്തരം സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

(ഡി) വിപണിയിലെ വിലക്കയറ്റം തടയാൻ കഴിയും വിധത്തിൽ ആകർഷകമായ വിവിധ പദ്ധതികളാണ് കാലാകാലങ്ങളിൽ കൺസ്യൂമർ ഫെഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ ഔട്ട്ലെറ്റുകൾ ശക്തമാക്കുന്നതിനുള്ള വിപുലമായ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ